compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മാർച്ച് 03
Tuesday, 03rd March 2026

1201 കുംഭം 19
19th Kumbham 1201

1947 ഫാൽഗുനം 12
12th Phalguna 1947

വാല്യം 15
Vol. XV

നമ്പർ / **No.** **9**

Part III

Agriculture Development and Farmers Welfare

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

നമ്പർ ബി.93/2026. 2026 ജനുവരി 27.

അഞ്ചൽ ജില്ലാ കൃഷിഫാമിലെ വിളകൾ സംരക്ഷിക്കുന്നതിനായി ഗുണമേന്മയുള്ള 150 റോളുകൾ—GI Weld Mesh (4 അടി വീതി, 50 അടി നീളം, 2.2 mm കനം, 1.75 X 1.5 inch കണ്ണി അകലം) ലഭ്യമാക്കുന്നതിനായി താത്പര്യമുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

നിരതദ്രവ്യം—₹ 12,500.

ടെണ്ടർ ഫോറത്തിന്റെ വില—₹ 1,000 + ജി.എസ്.റ്റി.

ദർഘാസ് ഫോറം വിൽക്കുന്ന അവസാന തീയതിയും സമയവും—28-2-2026 രാവിലെ 10.30 മണിവരെ.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—28-2-2026 രാവിലെ 11 മണിവരെ.

ദർഘാസ് ഫോറം തുറക്കുന്ന തീയതിയും സമയവും—28-2-2026 രാവിലെ 11.30 മണിവരെ.

നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ GI Weld Mesh ഫാമിൽ വിതരണം ചെയ്യുന്നതിനുള്ള ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി, സീൽ ചെയ്ത ടെണ്ടറുകൾ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം നിശ്ചയിക്കപ്പെട്ട സമയത്തിന് മുമ്പായി സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, അഞ്ചൽ എന്ന വിലാസത്തിൽ ഫാം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിനു മുകളിൽ GI Weld Mesh (150 എണ്ണം റോളുകൾ) ടെണ്ടർ എന്ന് രേഖപ്പെടുത്തിയിരിക്കണം.

2. ദർഘാസ് ഫോറത്തിൽ തന്നിരിക്കുന്ന കരാർ ₹ 200 മുദ്രപത്രത്തിൽ തയ്യാറാക്കി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. ടെണ്ടർ തുകകൾ അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതും ടെണ്ടർ നൽകുന്ന സ്ഥാപനത്തിന്റെ വിലാസം, പിൻകോഡ്, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

4. ടെണ്ടറിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

5. ദർഘാസുകൾ കൃത്യസമയത്ത് തന്നെ അപ്പോൾ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ടെണ്ടറിൽ ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്യുന്ന സ്ഥാപനത്തിന്റെ പേരിൽ ടെണ്ടർ താൽകാലികമായി സ്ഥിരപ്പെടുത്തുന്നതും മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ മടക്കി നൽകുന്നതുമാണ്.

6. ടെണ്ടർ നടപടികൾ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അന്തിമ അംഗീകാരത്തിന് വിധേയമായിരിക്കും.

7. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ 5 മണിവരെയുള്ള സമയത്ത് ഫാം ഓഫീസർമാരുടെ സാന്നിധ്യത്തിൽ മാത്രമേ ഫാമിൽ ഇറക്കാനുള്ള അനുവാദം ഉണ്ടായിരിക്കുകയുള്ളു.

8. ആദ്യ കരാറുകാരന്റെ വീഴ്ചകൊണ്ട് പുനർദർഘാസ് നടത്തേണ്ടിവന്നാൽ സർക്കാരിനുള്ള നഷ്ടം റവന്യൂ റിക്കവറി നിയമപ്രകാരം ആദ്യ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

9. ടെണ്ടർ നടപടികൾ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം ഫാം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

10. നിശ്ചിത ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായി പ്രഖ്യാപിക്കുന്നപക്ഷം, തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തു തന്നെ ടെണ്ടർ നടത്തുന്നതാണ്. ടെണ്ടർ സംബന്ധിച്ച് നിലവിലുള്ളതും സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കും.

11. ഇതേപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാം ഓഫീസിൽ നിന്ന് നേരിട്ടോ, ടെലഫോണിലൂടെയോ അറിയാവുന്നതാണ്.

ജില്ലാ കൃഷിഫാം സൂപ്രണ്ടിന്റെ (ഒപ്പ്)
കാര്യാലയം, അഞ്ചൽ, കോട്ടുക്കൽ പി.ഒ. സൂപ്രണ്ട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.03.02 04:20:51 +05:30